എന്ന് മാത്രമേ എനിക്ക് പറയാനുള്ളൂ. സഭാനടപടികൾ നിറുത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ട കാര്യമില്ല.

മി. സ്പീക്കർ : മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തിര പ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

III. ശ്രദ്ധക്ഷണിക്കൽ

(1) കരിങ്കൽ ക്വാറികളുടെ പ്രവർത്തനങ്ങളിൽ ഉണ്ടായിരിക്കുന്ന പ്രതിസന്ധി

ശ്രീ. ടി. പി. രാമകൃഷ്ണൻ : സർ, കേരളത്തിൽ പ്രത്യക്ഷമായും പരോക്ഷമായും കരിങ്കൽ ക്വാറികളിൽ ജോലി ചെയ്യുന്ന രണ്ടര ലക്ഷത്തോളം തൊഴിലാളികളുണ്ട്. അത്രയേറെ പ്രധാനപ്പെട്ട ഒരു മേഖലയാണ് കരിങ്കൽ ക്വാറി. ആയിരക്കണക്കിന് ചെറുകിട-ഇടത്തര ഉടമകളും ഈ രംഗത്തുണ്ട്. പെർമിറ്റ് ഫീസായി കോടിക്കണക്കിന് രൂപ സർക്കാരിന് ഈ മേഖലയിലൂടെ വരുമാനം ലഭിക്കുന്നുണ്ട്. കരിങ്കൽ ഖനനത്തിന് ജിയോളജിക്കൽ പെർമിറ്റ് ആവശ്യമാണ്. വൻകിട-ഇടത്തര ക്വാറികളിലെല്ലാം ഒരേ ഫീസാണ് ഈടാക്കിവരുന്നത്. ഇക്കാര്യത്തിൽ ഗവൺമെന്റ് ഭാഗത്തുനിന്ന് ഗൗരവതരമായ ഒരു പുനഃപരിശോധന ആവശ്യമാണ്. ക്വാറികളുടെ തരാതരം പരിശോധിച്ച് പെർമിറ്റ് ഫീസ് നിർണ്ണയിക്കാനാവശ്യമായ നടപടിയുണ്ടാകണം. അതിന് വൻകിട-ഇടത്തര-ചെറുകിട എന്നീ നിലയിൽത്തന്നെ ക്വാറികളെ വേർതിരിക്കാനാവശ്യമായ നടപടികളാണ് ഇതുമായി ബന്ധപ്പെട്ടുണ്ടാകേണ്ടത്. ഇക്കാര്യം ഗൗരവതരമായ പരിശോധനയ്ക്ക് വിധേയമാക്കണം. ക്വാറികൾ നടത്താൻ സ്ഫോടക വസ്തുക്കൾ ആവശ്യമാണ്. സ്ഫോടക വസ്തുക്കൾ ഉപയോഗിക്കണമെങ്കിൽ എക്സ്പ്ലോസീവ് ലൈസൻസ് വേണം. എക്സ്പ്ലോസീവ് ലൈസൻസ് ലഭ്യമാകാൻ കേരളത്തിൽ ഒരു സംവിധാനവുമില്ല. ചെന്നൈയിലോ ബാംഗ്ലൂരിലോ ഉള്ള കേന്ദ്രത്തെ ആശ്രയിച്ച് മാത്രമേ എക്സ്പ്ലോസീവ് ലൈസൻസ് ലഭിക്കുകയുള്ളൂ. പലപ്പോഴും ചെറുകിട ഉടമകൾക്ക് നിരവധി കടമ്പകൾ കടക്കണമെന്നുള്ളതുകൊണ്ട് ഈ ലൈസൻസ് നേടാൻ കഴിയുന്നില്ല. എക്സ്പ്ലോസീവ് ലൈസൻസ് എടുക്കാനുള്ള സൗകര്യം കേരളത്തിൽത്തന്നെയുണ്ടാകുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താനാവശ്യമായ നടപടി കേരള ഗവൺമെന്റ് സ്വീകരിക്കേണ്ടതുണ്ട്. വൻ തൊഴിൽ സാദ്ധ്യതയുള്ളതും നിർമ്മാണ വികസന രംഗത്ത് അത്യന്താപേക്ഷിതവുമായ കരിങ്കൽ ഖനനം നിയമ വിധേയമായി നടത്താൻ കഴിയത്തക്ക നിലയിൽ നിലവിലുള്ള നിയമ വ്യവസ്ഥയിൽ മാറ്റം വരുത്തണം. എല്ലാ ക്വാറികൾക്കും പെർമിറ്റ് നൽകുന്നതിനാവശ്യമായ നടപടിയാണ് സ്വീകരിക്കേണ്ടത്. കരിങ്കൽ ക്വാറികളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തണം. തൊഴിൽ ഉടമകളുടെ ചെലവിൽ തൊഴിലാളികളെ ഇൻഷ്വർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. തൊഴിലാളികളെ രജിസ്റ്റർ ചെയ്യുന്നതിനും അവരുടെ സേവന-വേതന വ്യവസ്ഥകൾ

LIBRARY ARCHIVES Kerala Legislative Assembly

പരിഷ്ക്കരിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം. എവിടെയെങ്കിലും ഒരു സ്ഫോടനമുണ്ടായാൽ കരിങ്കൽ ക്വാറികളാണ് റെയ്ഡിന് വിധേയമാകുന്നത്; നിയമത്തിന്റെ പഴുതുപയോഗിച്ച് ക്വാറികളിലെ തൊഴിലാളികൾക്കും ചെറുകിട ഉടമകൾക്കുമെതിരായി പോലീസിന്റെയും ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റിന്റെയും പീഡനമുണ്ടാകാറുണ്ട്. പലപ്പോഴും ക്വാറികളിൽ അപകടമുണ്ടാകാറുണ്ട്. അപകടത്തിനിരയാകുന്ന തൊഴിലാളികൾക്കെതിരെ കേസ് വരുകയാണ്. സ്ഫോടനത്തിന്റെ ഫലമായി പലപ്പോഴും അപകടമുണ്ടാകുന്ന സന്ദർഭത്തിൽ ഉടമയെ കാണാൻ കഴിയില്ല; അപ്പോൾ തൊഴിലാളികളുടെ പേരിൽ കേസെടുക്കുകയാണ് ചെയ്യുന്നത്. ഇങ്ങനെ വളരെ ഗൗരവതരമായ വിഷയങ്ങൾ കരിങ്കൽ ക്വാറി മേഖലയിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികൾ നേരിടുകയാണ്. അതുകൊണ്ട് ഈ പ്രശ്നത്തെക്കുറിച്ച് ഗൗരവതരമായി ഗവൺമെന്റ് ആലോചിക്കണം. കോഴിക്കോട് കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റാന്റിൽ ജലാറ്റിൻ സ്റ്റിക്ക് കണ്ടെത്തി. ഇതിന്റെ ഉറവിടം കണ്ടെത്തണം. നിയമവിരുദ്ധമായി സൂക്ഷിക്കുന്ന സ്ഫോടകവസ്തുക്കൾ കണ്ടുപിടിക്കുന്നതിനുപകരം തൊഴിൽ കേന്ദ്രങ്ങളാണ് പോലീസ് പലപ്പോഴും ലക്ഷ്യമിടുന്നത്. കരിങ്കൽ ക്വാറികളാണ് പലപ്പോഴും ഇതുപോലുള്ള സ്ഫോടനമുണ്ടാകുന്ന സമയത്ത് വേട്ടയാടലിന് വിധേയമാകുന്നത്. ഇതിന് പരിഹാരമുണ്ടാക്കാൻ കഴിയുന്ന രീതിയിലുള്ള വ്യവസ്ഥകളുണ്ടാകണം. സംസ്ഥാനത്താകെ കരിങ്കൽ ക്വാറികളുടെ പ്രവർത്തനങ്ങൾക്കും മണൽ ലഭിക്കുന്നതിനും പ്രശ്നങ്ങളുണ്ട്. കടുത്ത അഴിമതിയാണ് ഈ മേഖലയിൽ നടക്കുന്നത്. വൻതുക കൈക്കൂലി വാങ്ങാൻ പഴുത് നൽകുന്നതാണ് നിലവിലുള്ള നിയമം. ഈ പഴുതുകളുപയോഗിച്ച് അധികൃതർ വൻതുകകൾ കൈക്കൂലി വാങ്ങുന്നതായി ആക്ഷേപമുണ്ട്. പരിസ്ഥിതി പ്രശ്നവും ജനങ്ങളുടെ സുരക്ഷിതത്വവും കണക്കിലെടുത്ത് ഈ രംഗത്ത് അഴിമതി അനുവദിച്ചുകൂടാ. ഈ പ്രശ്നം അർഹിക്കുന്ന ഗൗരവത്തിൽ കാണാൻ ഗവൺമെന്റ് സന്നദ്ധമാകണം. കരിങ്കൽ ക്വാറികൾ സുഗമമായി പ്രവർത്തിപ്പിക്കുന്നതിനും തൊഴിൽ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുമാവശ്യമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. പ്രത്യേക പണം മുടക്കാതെ ലക്ഷക്കണക്കിന് തൊഴിലാളികൾക്ക് തൊഴിൽ സാദ്ധ്യതയുള്ള ഒരു മേഖലയാണ് ഇത്. കരിങ്കൽ ക്വാറി മേഖല ഒരു തൊഴിൽ അധിഷ്ടിത മേഖലയായി പരിഗണിച്ചുകൊണ്ട് കരിങ്കൽ ക്വാറികളിൽ കരിങ്കൽ ഖനനം നടത്തുന്നതിനും തൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കണം. ചെറുകിട ഉടമകളുടെ നിലയും അനുകൂലമായി പരിഗണിക്കേണ്ടതാണ്. ആ നിലയിൽ ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കുന്നതിന് അടിയന്തിര നടപടി വേണമെന്നുള്ളതാണ് ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നത്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): സർ, 1957-ലെ മൈൻസ് ആന്റ് മിനറൽസ് ഡെവലപ്മെന്റ് ആക്ട്, 1967-ലെ കേരള മൈനർ മിനറൽ കൺസ്ട്രക്ഷൻ ചട്ടങ്ങൾ എന്നിവ പ്രകാരമാണ് കരിങ്കൽ ക്വാറീയിംഗ് പെർമിറ്റും ലീസും അനുവദിക്കുന്നത്. അപേക്ഷകൾ മൈനിംഗ് ആന്റ് ജിയോളജി ജില്ലാ ആഫീസുകളിലാണ് സമർപ്പിക്കേണ്ടത്. അപേക്ഷയോടൊപ്പം സ്ഥലത്തിന്റെ കൈവശാവകാശ സർട്ടിഫിക്കറ്റ്, സർവ്വേ മാപ്പ്, ക്വാറീയിംഗ് സ്ഥലം സ്വന്തമല്ലെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥലമുടമസ്ഥനിൽ നിന്നുള്ള സമ്മതപത്രം എന്നിവ കൂടി സമർപ്പിച്ചാൽ കാലതാമസം കൂടാതെ വകുപ്പിൽ നിന്ന് അനുമതി നൽകിവരുന്നുണ്ട്. റവന്യൂ പുറംപോക്കിൽ നിന്നാണ് ഖനനം നടത്തേണ്ടതെങ്കിൽ റവന്യൂ വകുപ്പിന്റെ എൻ.ഒ.സി-യും ഹാജരാക്കണം. അനധികൃത ഖനനത്തിനെതിരെ വകുപ്പിലെ ഉദ്യോഗസ്ഥർ പരിശോധനകൾ നടത്തി നടപടികൾ സ്വീകരിക്കാറുണ്ട്. ക്വാറികളെ വൻകിട-ഇടത്തരം-ചെറുകിട എന്ന് തരംതിരിച്ചല്ല ഫീസ് ഈടാക്കുന്നത്. ഉത്പാദിപ്പിക്കപ്പെടുന്ന കരിങ്കല്ലിന്റെ അളവ് കണക്കാക്കി ടണ്ണിന് 16 രൂപയോ ക്യൂബിക് മീറ്ററിന് 40 രൂപയോ ആണ് റോയൽറ്റി ഈടാക്കുന്നത്. മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ നിന്ന് ലഭിക്കുന്ന ക്വാറിയിംഗ് പെർമിറ്റിന്റെ അടിസ്ഥാനത്തിലാണ് അപേക്ഷകർ എക്സ്പ്ലോസീവ് ലൈസൻസ് സമ്പാദിക്കുന്നത്. എക്സ്പ്ലോസീവ് ലൈസൻസ് നൽകാൻ ഇന്ന് കേരളത്തിൽ സംവിധാനം ഇല്ല. അതിനാവശ്യമായ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് ആഭ്യന്തര വകുപ്പിനോട് ഞങ്ങൾ ആവശ്യപ്പെടുന്നതാണ്. ക്വാറിയിംഗ് നിയമങ്ങൾ പരിഷ്ക്കരിക്കുന്നതും, ക്വാറിയിംഗ് തൊഴിലാളികൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതുമുൾപ്പെടെയുള്ള കാര്യങ്ങൾ സർക്കാർ വിശദമായി പരിശോധിച്ചുവരികയാണ്. ഇതുസംബന്ധിച്ച് ബന്ധപ്പെട്ടവരുമായി ചർച്ച നടത്തുന്നതിനുവേണ്ടി ഈ മാസം 27-ാം തീയതി ഒരു മീറ്റിംഗ് വിളിച്ചുകൂട്ടാൻ ഡി.എം.ജി.-യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. ടി. പി. രാമകൃഷ്ണൻ : സർ, കേരളത്തിലെ വികസന രംഗത്തെ ബാധിക്കുന്ന ഒരു പ്രശ്നമാണിത്. നാട്ടിൻപുറങ്ങളിലെല്ലാം പ്രശ്നങ്ങളുണ്ട്. ഇപ്പോൾ ക്വാറികൾ പ്രവർത്തിപ്പിക്കുന്നതിന് ഒരുപാട് പ്രശ്നങ്ങളുണ്ട്. കരിങ്കൽ വ്യവസായത്തിലെ പ്രതിസന്ധികൾ പരിഗണിച്ച് ഇത് സംബന്ധിച്ച് പഠിച്ച് നിർദ്ദേശം സമർപ്പിക്കാൻ ഗവൺമെന്റിന്റെ പ്രതിനിധികളും തൊഴിലാളി പ്രതിനിധികളും ഉടമകളുടെ പ്രതിനിധികളും കൂടിചേർന്നുകൊണ്ടുള്ള ഒരു കമ്മീഷനെ നിയമിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : അതിന്റെ പ്രാരംഭമായിട്ടാണ് 27-ാം തീയതി യോഗം ചേരുന്നത്. യോഗത്തിൽ ബന്ധപ്പെട്ട എല്ലാപേരെയും വിളിച്ചിട്ടുണ്ട്. ആ യോഗത്തിന്റെ നിർദ്ദേശം പരിഗണിച്ചുകൊണ്ട് ഇത്തരത്തിലുള്ള ഒരു കമ്മീഷനെ നിയമിക്കാവുന്നതാണ്. ഇപ്പോഴുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(2) ദളിത് ക്രൈസ്തവർക്ക് പ്രത്യേക സംവരണം നൽകേണ്ടതിന്റെ ആവശ്യകത

ശ്രീ. പി. ജെ. ജോയി : കേരളത്തിലെ ജനസംഖ്യയുടെ 8 ശതമാനത്തോളം വരുന്ന ദളിത് ക്രൈസ്തവരുടെ വിവിധ പ്രശ്നങ്ങൾ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നതിനാണ് ഈ ശ്രദ്ധക്ഷണിക്കൽ ഉന്നയിക്കുന്നത്. അവരുടേതല്ലാത്ത കുറ്റംകൊണ്ട് അവർക്ക് ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്ന ഒരു അനുഭവമാണ് ഉള്ളത്. നമുക്കറിയാം, പുരാതന കാലത്ത് തൊഴിൽപരമായി നാല് വിഭാഗങ്ങൾ ഉണ്ടായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly